(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളും ഉത്തരങ്ങളും

5 (*425) ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷൻ

ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിലെ അദ്ധ്യായം 22-ൽ പറയുന്ന ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷൻ സംസ്ഥാനത്ത് നിലവിൽ വന്നിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ ഘടന വ്യക്തമാക്കുമോ;

(സി) ഈ കമ്മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ് എന്ന റിയിക്കുമോ;

(ഡി) കമ്മിഷൻ കലയും പുരാവസ്തു സംരക്ഷണവുമായി ബന്ധപ്പെട്ട എന്തെങ്കിലും വിഷയങ്ങൾ കൈകാര്യം ചെയ്യുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(എഫ്) കലയും പുരാവസ്തു സംരക്ഷണവുമായി ബന്ധപ്പെട്ട എന്തെങ്കിലും നിർദ്ദേശങ്ങളോ പരാതികളോ കമ്മിഷന്റെ പരിശോധനയ്ക്ക് വന്നിട്ടുണ്ടോ എന്നറിയിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) :

(എ) 1999-ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത് പ്രകാരം സംസ്ഥാനത്ത് ഒരു ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷൻ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഘടനയ്ക്ക് അന്തിമ രൂപം നൽകിയിട്ടില്ല.

(ബി) പൈതൃകങ്ങളും, സ്മാരകങ്ങളും ഉള്ള സ്ഥലങ്ങൾ കണ്ടെത്തി സംരക്ഷിക്കുക പ്രത്യേക വാസ്തുശില്പ മാതൃകയിലുള്ള കെട്ടിടങ്ങൾ മാത്രം അനുവദിക്കുന്ന സ്ഥലങ്ങളോ വീഥികളോ കണ്ടു പിടിക്കുകയും അവയ്ക്കു വേണ്ടി മാതൃകാ പ്ലാനുകളും എലിവേഷനുകളും തയ്യാറാക്കുകയും ചെയ്യുക വാസ്തുശില്പ പ്രധാന്യമുള്ള സ്ഥലങ്ങളും കെട്ടിടങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി കണ്ടുപിടിക്കുക.

പ്രത്യേക സ്ഥലങ്ങളിലോ വീഥികളിലോ ഉള്ള വാസ്തുശില്പ ഭംഗിയുള്ള കെട്ടിടങ്ങളുടെ പ്രത്യേക ഭാഗങ്ങളെയോ പരിശോധിക്കുക.

സർക്കാരിന്റെയും നഗരസഭകളെയും മേൽപ്പറഞ്ഞ വിഷയങ്ങളിൽ ഉപദേശിക്കുകയും കമ്മിഷന്റെ അഭിപ്രായത്തിന് വരുന്ന വിഷയങ്ങളിൽ ഉപദേശം നൽകുകയും ചെയ്യുക. മേൽപ്പറഞ്ഞ വിഷയങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(സി)(ഡി),(ഇ)&(എഫ്) ആർട്ട് ആന്റ് ഹെറിറ്റേജ് കമ്മിഷന്റെ ഘടനയ്ക്ക് അന്തിമ രൂപം നല്കിയിട്ടില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

6 (*426) സീനിയർ സിറ്റിസൺസിന്റെ ക്ഷേമത്തിന് പദ്ധതികൾ

ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. ജോർജ് ജെ. മാത്യു :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീനിയർ സിറ്റിസൺസിന്റെ ക്ഷേമത്തിനു വേണ്ടി എന്തെല്ലാം കാര്യങ്ങൾ ഈ ഗവൺമെന്റ് ചെയ്തിട്ടുണ്ട്;

(ബി) സീനിയർ സിറ്റിസൺസിന്റെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി കേന്ദ്രത്തിൽനിന്നും എന്തെങ്കിലും സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതിയ്ക്കു വേണ്ടി എന്തു തുക ആവശ്യപ്പെട്ടിട്ടുണ്ടെന്ന് പറയുമോ;

(ഡി) കേന്ദ്ര പദ്ധതി പ്രകാരം പെൻഷൻ ലഭിക്കാത്ത സീനിയർ സിറ്റിസൺസിന് കേന്ദ്രഗവൺമെന്റ് പ്രതിമാസം പത്തുകിലോ വീതം അരിയോ, ഗോതമ്പോ സൗജന്യമായി നൽകുന്നതുപോലെ സംസ്ഥാന ഗവൺമെന്റിന്റെ വാർദ്ധക്യകാല പെൻഷൻ കിട്ടാത്ത സീനിയർ സിറ്റിസൺസിന് എന്തങ്കിലും ആനുകൂല്യം നൽകുവാൻ സംസ്ഥാന ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) എങ്കിൽ വിശദാംശം നൽകുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്ത് പത്തനംതിട്ട ജില്ല ഒഴികെ മറ്റ് എല്ലാ ജില്ലകളിലും വൃദ്ധജനങ്ങളുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ വൃദ്ധസദനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നുണ്ട്. ടി സ്ഥാപനങ്ങളിലെ ഓരോ അന്തേവാസിക്കും പ്രതിമാസം 250 രൂപ സംരക്ഷണ ചെലവിനായും, കിടക്ക, മരുന്ന്, വസ്ത്രം എന്നിവയ്ക്കായി പ്രതിവർഷം 200 രൂപയും അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സന്നദ്ധസംഘടനകൾ നടത്തുന്ന വൃദ്ധസദനങ്ങളിലെ 55 വയസ്സിനുമുകളിൽ പ്രായമുള്ള ദുർബലരായ വൃദ്ധജനങ്ങൾക്ക് സംരക്ഷണം നൽകുന്ന സംഘടനകൾക്ക് ഒരു അന്തേവാസിയ്ക്ക് 100 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഇതുകൂടാതെ കേന്ദ്രസർക്കാർ അംഗീകരിച്ച വൃദ്ധനയം സംസ്ഥാനത്തും പ്രാവർത്തികമാക്കുന്നതിന് സർക്കാർ സത്വര നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു. ഇവിടെ കേന്ദ്ര വൃദ്ധനയം നടപ്പിലാക്കുമ്പോൾ സീനിയർ സിറ്റിസൺസിനുവേണ്ടി കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

(ബി)&(സി) സർക്കാർ ഇതര ഏജൻസികൾ നടത്തുന്ന വൃദ്ധസദനങ്ങൾക്കും കെട്ടിടം പണിയുന്നതിനും മറ്റും ഗ്രാന്റ് നൽകുന്ന കേന്ദ്ര പദ്ധതിയിൽപ്പെടുത്തി സഹായധനത്തിനായി 13 അപേക്ഷകൾ ശുപാർശ ചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly